**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4312** **01-07-2024 - ല്‍ മറുപടിയ്ക്ക്**

**ടെണ്ടര്‍ സേവിങ്‌സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികള്‍ ശിപാര്‍ശ ചെയ്യുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആര്‍. സുനില്‍കുമാര്‍ | | ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എല്‍.എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയില്‍ ഉള്‍പ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടര്‍ സേവിങ്‌സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികള്‍ ശിപാര്‍ശ ചെയ്യുന്നതിന് അനുമതിയുണ്ടോ; എങ്കില്‍ എന്നു മുതലുള്ള പ്രവൃത്തികള്‍ക്കാണ് അനുമതി ഉള്ളതെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ; | (എ) | എം.എല്‍.എ. ആസ്തി വികസന ഫണ്ടില്‍ ഉള്‍പ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടര്‍ സേവിങ്‌സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികള്‍ ശിപാര്‍ശ ചെയ്യുന്നതിന് അനുമതിയുണ്ട്. ഇത്തരത്തില്‍ ടെണ്ടര്‍ സേവിങ്‌സ് അനുവദിക്കുന്നതിന് 2017-18 മുതലാണ് പ്രാബല്യമുള്ളത്. ഇത് സംബന്ധിച്ച 04/08/2018 തീയതിയിലെ 119/2018/ധന ഉത്തരവ്, 17/12/2022 തീയതിയിലെ 145/2022/ധന ഉത്തരവ് എന്നിവ അനുബന്ധമായി ചേര്‍ക്കുന്നു. എന്നാല്‍, നിലവിലെ മാനദണ്ഡ പ്രകാരം, പ്രത്യേക വികസന നിധിയില്‍ ഉള്‍പ്പെടുത്തിയ പ്രവൃത്തികളുടെ ടെന്‍ഡര്‍ സേവിങ്‌സ് വിനിയോഗിക്കുന്നത് അനുവദനീയമല്ല. |
| (ബി) | കൊടുങ്ങല്ലൂര്‍ മണ്ഡലത്തില്‍ പ്രസ്തുത ഇനത്തില്‍ എത്ര തുകയാണ് ബാക്കി ഉള്ളതെന്ന് വര്‍ഷം തിരിച്ചുള്ള കണക്ക് അറിയിക്കാമോ; | (ബി) | മാനദണ്ഡ പ്രകാരം, ഒരു വര്‍ഷത്തെ എല്ലാ പ്രവൃത്തികളുടെയും അവസാന ബില്‍ തയാറായാല്‍ മാത്രമേ ടെന്‍ഡര്‍ സേവിങ്‌സ് തുക കണക്കാക്കാനാകൂ. 2017-18 മുതല്‍ 2023-24 വരെയുള്ള വര്‍ഷങ്ങളില്‍, ആസ്തി വികസന പദ്ധതിയില്‍ ഉള്‍പ്പെടുത്തിയ എല്ലാ പ്രവൃത്തികളുടെയും അവസാന ബില്‍ തയാറായിട്ടില്ല എന്നതിനാല്‍, അതത് വര്‍ഷങ്ങളിലെ ടെന്‍ഡര്‍ സേവിങ്‌സ് കണക്കാക്കാനായിട്ടില്ല എന്നാണ് ജില്ലാ ഭരണകൂടം അറിയിച്ചിട്ടുള്ളത്. മാര്‍ഗ്ഗരേഖ പ്രകാരം, ഏതു സാമ്പത്തിക വര്‍ഷത്തിലാണോ ടെണ്ടര്‍ സേവിങ്‌സ് തിട്ടപ്പെടുത്താന്‍ സാധിക്കുന്നത്, ആ സാമ്പത്തിക വര്‍ഷത്തിലോ, തൊട്ടടുത്ത സാമ്പത്തിക വര്‍ഷത്തിലോ ഉള്ള പുതിയ പദ്ധതികള്‍ക്കോ, ടെന്‍ഡര്‍ എക്സെസ്സിനു വേണ്ടിയോ ടി തുക വിനിയോഗിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത തുകയ്ക്ക് പുതിയ പ്രവൃത്തികള്‍ ശിപാര്‍ശ ചെയ്യുന്നതിനുള്ള കാലാവധി എന്നുവരെ ആണെന്ന് അറിയിക്കാമോ? | (സി) | മാനദണ്ഡ പ്രകാരം, ഒരു വര്‍ഷത്തെ എല്ലാ പ്രവൃത്തികളുടെയും അവസാന ബില്‍ തയാറായാല്‍ മാത്രമേ ടെന്‍ഡര്‍ സേവിങ്‌സ് തുക |

| | | | |
|---|---|---|---|
| | | | കണക്കാക്കാനാകൂ. 2017-18 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ, ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ എല്ലാ പ്രവൃത്തികളുടെയും അവസാന ബിൽ തയാറായിട്ടില്ല എന്നതിനാൽ, അതത് വർഷങ്ങളിലെ ടെൻഡർ സേവിങ്സ് കണക്കാക്കാനായിട്ടില്ല എന്നാണ് ജില്ലാ ഭരണകൂടം അറിയിച്ചിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം, ഏതു സാമ്പത്തിക വർഷത്തിലാണോ ടെണ്ടർ സേവിങ്സ് തിട്ടപ്പെടുത്താൻ സാധിക്കുന്നത്, ആ സാമ്പത്തിക വർഷത്തിലോ, തൊട്ടടുത്ത സാമ്പത്തിക വർഷത്തിലോ ഉള്ള പുതിയ പദ്ധതികൾക്കോ, ടെൻഡർ എക്സെസ്സിനു വേണ്ടിയോ ടി തുക വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ